# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3299

24/06/2013ൽ മറുപടി നൽകേണ്ടിയിരുന്നത്

## നിലവാരമുള്ള ഇന്റർനെറ്റ് കഫേകൾ ഇല്ലാത്ത ഉൾനാടൻ പ്രദേശങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് ഉണ്ടാകുന്ന പ്രശ്നങ്ങൾ

ചോദ്യം:

ശ്രീ. ബി.സത്യൻ

ഉത്തരം:

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) പി.എസ്.സി. പരിക്ഷയെഴുതുന്ന ഉദ്യോഗാർത്ഥികൾ ഹാൾടിക്കറ്റ് ഡൗൺ ലോഡ് ചെയ്തെടുക്കുമ്പോൾ ബാർകോഡ്, പി.എസ്.സി. വാട്ടർ മാർക്ക് എംബ്ലം, തീയതിയും പേരും രേഖപ്പെടുത്തിയ ഫോട്ടോ എന്നിവ തിരിച്ചറിയൽ സർട്ടിഫിക്കറ്റിൽ ശരിയായി പതിയാതിരിക്കുന്നതു കാരണം ഉദ്യോഗാർത്ഥികൾക്ക് പരീക്ഷയെഴുതാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവാരമുള്ള ഇന്റർനെറ്റ് കഫേകൾ ഇല്ലാത്ത ഉൾനാടൻ പ്രദേശങ്ങളിലെ ഉദ്യോഗാർത്ഥികൾ അഭിമുഖീകരിക്കുന്ന പ്രശ്നത്തിന് പി.എസ്.സി. എന്ത് പരിഹാരമാണ് കണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ?

(എ)യും (ബി)യും

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.എസ്.സി. പരീക്ഷകൾക്കായി ഡൗൺ ലോഡ് ചെയ്തെടുക്കുന്ന അഡ്മിഷൻ ടിക്കറ്റിൽ ബാർകോഡും പി.എസ്.സി.യുടെ എംബ്ലവും വ്യക്തമായി ഉണ്ടായിരിക്കണമെന്ന് അഡ്മിഷൻ ടിക്കറ്റിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ 25.01.2011-ലെ 4/2011-ാം നമ്പർ സർക്കുലർ പ്രകാരം 31.12.2010 തീയതിയിലെയും തുടർന്നുമുള്ള വിജ്ഞാപനങ്ങൾ പ്രകാരം അപേക്ഷിക്കുമ്പോൾ ഫോട്ടോകൂടി upload ചെയ്യേണ്ടതാണെന്നും ഫോട്ടോയിൽ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും ഫോട്ടോയുടെ ചുവടെ പ്രിന്റ് ചെയ്തിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുള്ളതും ടി വിവരം പി.എസ്.സി.യുടെ വെബ്സൈറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതുമാണ്. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് പേരും തീയതിയും പ്രിന്റ് ചെയ്ത ഫോട്ടോ upload ചെയ്യാത്തതുകൊണ്ടും അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്തെടുക്കുന്ന സമയത്ത് അഡ്മിഷൻ ടിക്കറ്റിൽ ബാർകോഡും എംബ്ലവും വ്യക്തമായി തെളിഞ്ഞിട്ടുണ്ടോ എന്ന് ഉദ്യോഗാർത്ഥി പരിശോധിക്കാത്തതുകൊണ്ടുമാണ് ഇപ്രകാരമുള്ള ന്യൂനത ഉണ്ടാകുന്നത്.

സെക്ഷൻ ഓഫീസർ